വ്യവസായവാണിജ്യഡയറക്ടറുടെനടപടിക്രമം
(അവതരണം : V.R.PREMKUMAR IAS)

നം.DIC/1882/2020-ED3 തീയതി : 27/08/2020

വിഷയം:- വ്യവസായം -ജീവനക്കാര്യം - സീനിയർ സൂപ്രണ്ട് തസ്തികയിലെ 2020 വർഷത്തെ പൊതു സ്ഥലം മാറ്റം -കരട് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

പരാമർശം:-
1. 25/2/2017 തീയതിയിലെ സ .ഉ.പി.നം.03 /2017/ഉ.പ.ഭ.വനമ്പർ സർക്കാർ ഉത്തരവ്
2. 10/6/2020 തീയതിയിലെ കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം സീനിയർ സൂപ്രണ്ടായ ശ്രീമതി മൈമൂനത്ത് പാറച്ചോടന്റെ അപേക്ഷ
3. 12/6/2020 തീയതിയിലെ കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രം സീനിയർ സൂപ്രണ്ടായ ശ്രീമതി സെറിൻബാന്റെ അപേക്ഷ

മേൽ പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്റ്റേഷനിൽ തുടർച്ചയായി മൂന്നു വർഷക്കാലം പൂർത്തിയായവരെയാണ് പൊതു സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നത് . വ്യവസായ വാണിജ്യ വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിലെ 2020 വർഷത്തെ പൊതു സ്ഥലം മാറ്റം ഉത്തരവിന്റെ കരട് പ്രസിദ്ധീകരിക്കുന്നു. പൊതു സ്ഥലം മാറ്റത്തിന്റെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയായി 20/6/2020 ആണ് നിശ്ചയിച്ചിരുന്നത്.

## ഉത്തരവ്

പരാമർശം 3 പ്രകാരം കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രം സീനിയർ സൂപ്രണ്ടായ ശ്രീമതി സെറിൻബാൻ മലപ്പുറം/കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടിരിരിക്കുന്നു .എന്നാൽ ടി യാൾ പ്രസ്തുത ഓഫീസ് /സ്റ്റേഷനിൽ 3 വർഷക്കാലം സേവനം പൂർത്തീകരിച്ചിട്ടില്ല.ആയതിനാൽ ശ്രീമതി സെറിൻബാൻ സീനിയർ സൂപ്രണ്ടിന്റെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ പരിഗണിച്ചെങ്കിലും അർഹതയില്ലെന്ന് കണ്ടെത്തി.

പരാമർശം 2 പ്രകാരം കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം സീനിയർ സൂപ്രണ്ടായ ശ്രീമതി മൈമൂനത്ത് പാറച്ചോടൻ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക്

സ്ഥലം മാറ്റം ആവശ്യപ്പെട്ടിരിക്കുന്നു . ടിയാൾ സ്ഥലം മാറ്റം ആവശ്യപ്പെട്ടിരിക്കുന്ന ജില്ലാ വ്യവസായ കേന്ദ്രം മലപ്പുറത്ത് നിലവിൽ സീനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്ന ശ്രീ.രഘുനാഥ് .ടി.പി. പ്രസ്തുത ഓഫീസിൽ മൂന്നു വർഷക്കാലം സേവനം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ടിയാന് അടുത്ത ഡി .പി.സി. ഉത്തരവ് പ്രാബല്യത്തിൽ വരുമ്പോൾ ഉടൻ തന്നെ അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് ആയി പ്രൊമോഷൻ ലഭിക്കും . കൂടാതെ ടിയാൻ അംഗവൈകല്യം ഉള്ള ആളാണ് . ആയതിനാൽ ശ്രീമതി മൈമൂനത്ത് പാറച്ചോടന്റെ അപേക്ഷ ശ്രീ .രഘുനാഥ് .ടി.പി. യ്ക്ക് പ്രൊമോഷൻ ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

അപേക്ഷകർക്ക് പരാതികൾ ഉണ്ടെങ്കിൽ ഈ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം ഈ ഓഫീസിൽ എത്തിക്കേണ്ടതാണ് . ഈ വിവരം നിയന്ത്രണാധികാരികൾ ബന്ധപ്പെട്ട ജീവനക്കാരെ അറിയിക്കേണ്ടതാകുന്നു.

വിശ്വസ്തതയോടെ

ഒപ്പ്/-

**V.R.PREMKUMAR IAS**
**DIRECTOR**

സ്വീകർത്താവ് :- 1.ശ്രീമതി മൈമൂനത്ത് പാറച്ചോടൻ( നിയന്ത്രണാധികാരി മുഖേന)
2.ശ്രീമതി സെറിൻബാൻ ( നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :
1. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം,കോഴിക്കോട്/കണ്ണൂർ
2. ഐ.റ്റി വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉത്തരവിൻപ്രകാരം

സീനിയർസൂപ്രണ്ട്